**കേരള സർക്കാർ**
**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**
**പരിപത്രം**

**നം.30/2021/ധന** **തീയതി, തിരുവനന്തപുരം,27/03/2021**

വിഷയം :- പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിരമിച്ച സ്റ്റേറ്റ് സർവീസ് / എക്സ്-ഗ്രേഷ്യ / പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ നടപ്പാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1) 20/02/2018 തീയതിയിലെ യു.ഐ.എ.ഐ യുടെ ഓഫീസ് മെമ്മോറാണ്ടം നം.4(4)/57/186/2016/E&U-pt-II
2) 19/03/2021 തീയതിയിലെ 27/2021/ധന നമ്പർ പരിപത്രം

സൂചന പരിപത്രം പ്രകാരം 80 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് അവരുടെ ജനനതീയതി ട്രഷറി രേഖകളിൽ ഇല്ലാത്ത പക്ഷം സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതിനായി 80 വയസ്സ് പൂർത്തിയായി എന്ന് തെളിയിക്കുന്നതിന് ആധാർ കാർഡോ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച ഫോട്ടോ പതിപ്പിച്ച ഇലക്ഷൻ ഐ.ഡി കാർഡോ ഉപയോഗിക്കാവുന്നതാണെന്ന് ഉത്തരവായിരുന്നു. എന്നാൽ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കാൻ പാടില്ലായെന്ന് സൂചന(2) പ്രകാരം യു.ഐ.എ.ഐ-യും, ഇലക്ഷൻ ഐ.ഡി കാർഡ് ജനനതീയതി/വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് തിരഞ്ഞെടുപ്പ് കമ്മീഷനും വ്യക്തമാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 80 വയസ്സ് പൂർത്തിയായി എന്ന് തെളിയിക്കുന്നതിന് ആധാറോ, തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച ഫോട്ടോ പതിപ്പിച്ച ഇലക്ഷൻ ഐ.ഡി കാർഡോ ഉപയോഗിക്കാവുന്നതാണ് എന്ന സൂചന പരിപത്രത്തിലെ (i) (e) (v), (i)(e)(viii) എന്നീ ഉപവിഭാഗങ്ങൾ ഇതിനാൽ ഒഴിവാക്കുന്നു.

പരാമർശത്തിലെ പരിപത്രം മേൽ ഭേദഗതികളോടെ നിലകൊള്ളുന്നതാണ്.

**റ്റിങ്കി.എസ്.നെൽസൺ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [എ & ഇ] കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ [ഓഡിറ്റ്-II], കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം [info.fin@kerala.gov.in]
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ [PEN-B1/27/2020-FIN (e -1649874)]

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**